150 YEARS OF CELEBRATING THE MAHATMA

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
പബ്ലിക് ഓഫീസ്, വികാസ് ഭവൻപി ഓ , 695033 ,
തിരുവനന്തപുരം
directorofpanchayat.gsection@gmail.com
0471-2323286 തീയതി :15/07/2021

## ക്വട്ടേഷൻ/ദർഘാസ് പരസ്യം

തിരുവനന്തപുരം പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വാഹനമായ KL 01 AS 9902 നമ്പർ 2009 മോഡൽ അംബാസിഡർ കാർ നിലവിലെ അസ്ഥയിൽ ലേലം ചെയ്ത് വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

| ക്രമ നമ്പർ | വാഹനം | രജിസ്റ്റർ നമ്പർ | മോഡൽ | നിരതദ്രവ്യം |
|---|---|---|---|---|
| 1 | അംബാസിഡർ കാർ | KL 01 AS 9902 | 2009 | 5000 |

ടി വാഹനം 2021 ജൂലൈ മാസം 30-ാം തീയതി പകൽ 11.30 മണിക്ക് പഞ്ചായത്ത് ഡയറക്ടറേറ്റ് ഓഫീസിൽ വച്ച് ജി സെക്ഷൻ ജൂനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ വാഹനത്തിന്റെ ഇപ്പോഴത്തെ നിലയിലും അവസ്ഥയിലും പരസ്യമായി ലേലം/ക്വട്ടേഷൻ വഴി വിൽപ്പന നടത്തുന്നതാണ്. മേൽപ്പറഞ്ഞ തീയതി ഏതെങ്കിലും കാരണവശാൽ അവധി ദിവസമാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ഇതേ സമയത്തും സ്ഥലത്തും വച്ച് ലേലം ചെയ്യുന്നതായിരിക്കും.

ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ലേലത്തിനു മുമ്പായി ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിരതദ്രവ്യം 5000 രൂപ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. നിരതദ്രവ്യം അടയ്ക്കുന്ന സമയത്ത് അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്തുന്നതിനുതകുന്ന രേഖയുടെ (ആധാർ, ഇലക്ഷൻ ഐ.ഡി, ഡ്രൈവിംഗ് ലൈസൻസ്) പകർപ്പ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

ദർഘാസ് നൽകുവാനാഗ്രഹിക്കുന്നവർ പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിരതദ്രവ്യം അടച്ച് രസീത് സഹിതം മുദ്ര വച്ച കവറിനുള്ളിൽ അടക്കം ചെയ്ത് പഞ്ചായത്ത്

ഡയറക്ടർക്ക് 29.07.2021 തീയതി 4 പി.എം ന മുമ്പായി ലഭിക്കത്തക്കവിധം നേരിട്ടോ രജിസ്റ്റേഡ് തപാൽ മുഖേനയോ നൽകാവുന്നതാണ്. ദാർഘാസുകൾ സമർപ്പിക്കുന്ന കവറിനു പുറത്ത് Auction of Ambassador Car Reg.No. KL 01 AS 9902 എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

ലേലം കഴിഞ്ഞാലുടൻ ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതും ദർഘാസ്/ലേല പ്രകാരം ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തുന്ന വ്യക്തിയുടെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതുമായിരിക്കും. ലേലം കഴിഞ്ഞാൽ ഉടൻ തന്നെ ലേലം കൊണ്ടയാൾ മുഴുവൻ തുകയും ജി.എസ്.ടി യും (9% + 9% = 18%) ഉൾപ്പെടെ രൊക്കം പണമായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ദർഘാസ്/ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് നൽകിക്കഴിഞ്ഞാലുടൻ തന്നെ ടിയാൻ സ്വന്തം ചെലവിൽ വാഹത്തിന്റെ ഉടമസ്ഥാവകാശം മാറ്റേണ്ടതും വാഹനം തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യേണ്ടതുമാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ മുഴുവൻ സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിന് സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതും കൂടുതൽ തുക ലഭിച്ചാൽ ആയതിന് ടിയാന് അർഹതയുണ്ടായിരിക്കുന്നതുമല്ല.

മേൽ പ്രസ്താവിച്ചിരിക്കുന്ന വാഹനം സൂക്ഷിച്ചിരിക്കുന്ന തിരുവനന്തപുരം പബ്ലിക് ഓഫീസിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും ലേലത്തിന് തൊട്ടു മുമ്പുള്ള 2 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ വൈകുന്നേരം 4 മണി വരെയുള്ള സമയത്ത് ജി സെക്ഷൻ സൂപ്രണ്ടിന്റെ അനുമതിയോടു കൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനും ലേലം അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം പഞ്ചായത്ത് ഡയറക്ടർക്കോ ലേലം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനിലോ നിക്ഷിപ്തമായിരിക്കും. സർക്കാർ/ലേല നടപടികളുടെ എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും.

എം പി അജിത് കുമാർ
പഞ്ചായത്ത് അഡീഷണല് ഡയറക്ടര്

പകർപ്പ്

1. നോട്ടീസ് ബോർഡ്
2. പബ്ലിക് ഓഫീസ് (എല്ലാ ഓഫീസുകളിലേക്കും)

Signature valid

Digitally signed by Ajith Kumar M P
Date: 2021.07.15 15:36:09 IST
Reason: Approved